II. ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (5 x 5 = 25)

26. എന്താണ് കെ സ്മാർട്ട്?

27 കേരളത്തിലെ ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കുക.

28. കൊളോണിയൽ ഭരണം ഇന്ത്യയുടെ സാമ്പത്തികമേഖലയിൽ സൃഷ്ടിച്ച പ്രധാനമാറ്റങ്ങൾ എന്തെല്ലാം? വിശദമാക്കുക.

29. എന്താണ് കേരളവികസനമാതൃക?

30. കേരളത്തിന്റെ തീരദേശമേഖല നേരിടുന്ന സവിശേഷപ്രശ്നങ്ങൾ വിശദീകരിക്കുക.

31. സാമൂഹികമായ പുറംതള്ളൽ (Social Exclusion) എന്ന ആശയംഉദാഹരണസഹിതം വിശദമാക്കുക.

32. പൊതുചരക്കുകൾ (Public Goods)എന്നാൽ എന്ത് ?

33 'ദാരിദ്ര്യം എന്നത് വരുമാനത്തിന്റെ മാത്രമല്ല, അവസരം, അധികാരം, സ്വാതന്ത്ര്യം ഇവയുടെ കൂടി അഭാവമാണ്' നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക.

--***--

തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല

# എം. എ പ്രവേശനപരീക്ഷ - 2025

## വികസനപഠനവും തദ്ദേശവികസനവും

**കോഴ്സ് കോഡ് : MUE 25 LDS - 07**

1. പരീക്ഷാഹാളിൽ അച്ചടക്കം പാലിക്കേണ്ടതാണ്.
2. പരീക്ഷാജോലിയിൽ ഏർപ്പെട്ടിരിക്കുന്ന അധ്യാപകരുടെ നിർദ്ദേശങ്ങൾ അനുസരിക്കേണ്ടതാണ്. നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുന്നത് ഉൾപ്പടെ എല്ലാത്തരം പരീക്ഷാക്രമക്കേടും പരീക്ഷ അസാധുവാക്കുന്നതിന് കാരണമാകും.
3. ഉത്തരക്കടലാസ് അന്യോന്യം കൈമാറാൻ ശ്രമിക്കരുത്.
4. പരീക്ഷാഹാളിൽ മൊബൈൽ ഫോണിന്റെ/ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപയോഗം അനുവദിക്കുന്നതല്ല.
5. രജിസ്റ്റർ നമ്പർ വ്യക്തമായി എഴുതി എന്ന് ഉറപ്പുവരുത്തുക.
6. ഉപയോഗിക്കുന്ന അഡീഷണൽ ഷീറ്റുകളുടെ എണ്ണം ഉത്തരക്കടലാസിൽ നിർദ്ദിഷ്ടസ്ഥാനത്ത് കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
7. കുറഞ്ഞത് 20 മാർക്ക് കിട്ടിയെങ്കിൽ മാത്രമേ പ്രവേശനത്തിന് പരിഗണിക്കുകയുള്ളൂ.
8. ഒരു മണിക്കൂർ കഴിയുമ്പോൾ ഒന്നാം വിഷയത്തിന്റെ പരീക്ഷയെഴുത്ത് പൂർത്തിയാക്കി ഉത്തരക്കടലാസ് തിരികെ നൽകണം.
9. രണ്ടു മണിക്കൂർ കഴിയുമ്പോൾ രണ്ടാം വിഷയത്തിന്റെ പരീക്ഷയെഴുത്ത് പൂർത്തിയാക്കി ഉത്തരക്കടലാസ് തിരികെ നൽകണം.

I. **1 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം തെരഞ്ഞെടുത്തെഴുതുക** (01 x 25= 25)

1. താഴെ നൽകിയിരിക്കുന്നതിൽ ഏതാണ് പ്രാഥമികദത്ത സ്രോതസ്സ്?
   a. സർക്കാർ റിപ്പോർട്ടുകൾ b. ഇന്റർവ്യൂ വഴി ശേഖരിച്ച ഡാറ്റ
   c. ജേണൽ ലേഖനങ്ങൾ d. പുസ്തകങ്ങൾ
2. മൊത്തം അറ്റ കയറ്റുമതിയുടെ മൂല്യം 50 കോടിയും, കയറ്റുമതി 250 കോടിയും ആണെങ്കിൽ ഇറക്കുമതിയുടെ മൂല്യം എത്രയാണ്?
   a. 250 കോടി b. 200 കോടി
   c. 300 കോടി d. 150 കോടി
3. ഇന്ത്യൻ ഹരിത വിപ്ലവം പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചത്:
   a. പയർവർഗ്ഗങ്ങൾ b. അരിയും ഗോതമ്പും
   c. ചായയും കാപ്പിയും d. കരിമ്പ്
4. പൗരന്മാർക്ക് ജീവനും വ്യക്തി സ്വാതന്ത്ര്യത്തിനുമുള്ള അവകാശം ഉറപ്പ് നൽകുന്ന ഇന്ത്യൻ ഭരണഘടനയിലെ അനുച്ഛേദം?
   a. അനുച്ഛേദം 32 b. അനുച്ഛേദം 241
   c. അനുച്ഛേദം 21 d. അനുച്ഛേദം 12
5. പെരുമാൾസ് ഓഫ് കേരള (Perumals of Kerala) എന്ന ഗ്രന്ഥം എഴുതിയത് ആര്?
   a. കേശവൻ വെളുത്താട്ട് b. രാജൻ ഗുരുക്കൾ
   c. എം.ജി.എസ് നാരായണൻ d. റോമിലാ ഥാപ്പർ
6. വെൽത്ത് ഓഫ് നേഷൻസ് ആരുടെ രചനയാണ്?
   a. ആഡം സ്മിത്ത് b. കാൾ മാർക്സ്
   c. റോബർട്ട് മാൽത്തൂസ് d. ഡേവിഡ് റിക്കാർഡോ
7. കൃഷി മാത്രമാണ് ഉൽപ്പാദനക്ഷമമായ ഏക പ്രവൃത്തി എന്ന വാദം മുന്നോട്ടുവെച്ചത് :
   a. മെർക്കന്റലിസ്റ്റുകൾ b. ഫിസിയോക്രാറ്റുകൾ
   c. ക്ലാസിക്കൽ ഇക്കണോമിസ്റ്റുകൾ d. ഇവരാരുമല്ല
8. മിച്ചമൂല്യം എന്നാൽ?
   a. തൊഴിലാളിയുടെ അധ്വാനവും കൂലിയും തമ്മിലുള്ള വ്യത്യാസം
   b. തൊഴിലാളിയുടെ അധ്വാനം
   c. മുതലാളിയുടെ മൊത്തത്തിലുള്ള വരുമാനം
   d. ഇവയൊന്നുമല്ല
9. ജാതി ഉന്മൂലനം (Annihilation of caste) എന്ന ഗ്രന്ഥത്തിന്റെ രചയിതാവ്?
   a. ഗാന്ധി b. ഇ.എം.എസ്.
   c. നെഹ്റു d. അംബേദ്കർ
10. ഇറക്കുമതി ബദൽ നയം എന്നാൽ എന്ത്?
   a. ഇറക്കുമതി പൂർണ്ണമായി നിരോധിക്കുക
   b. അത്യാവശ്യസാധനങ്ങൾ മാത്രം ഇറക്കുമതി ചെയ്ത് ബാക്കിയുള്ളവ ആഭ്യന്തരമായി ഉത്പാദിപ്പിക്കുക
   c. കയറ്റുമതി കൂട്ടുക
   d. ഇവയൊന്നുമല്ല
11. അന്ത്യോദയ എന്ന ആശയം ആരുമായി ബന്ധപ്പെട്ടിരിക്കുന്നു?
   a. തിലകൻ b. നെഹ്റു
   c. മഹാത്മാഗാന്ധി d. വല്ലഭായ് പട്ടേൽ
12. സാമ്പത്തിക വളർച്ച എന്നാൽ എന്ത്?
   a. സാമൂഹികമായ മേൽഗതി
   b. ഒരു രാജ്യത്തെ ആഭ്യന്തര ഉത്പാദനത്തിൽ ഉണ്ടാവുന്ന വളർച്ച
   c. മാനവിക വികസന സൂചികയിലുണ്ടാവുന്ന മാറ്റം
   d. ഇവയൊന്നുമല്ല



13. C = a+bY എന്ന സമവാക്യത്തിൽ സ്വതന്ത്രചരം ഏത്?
   a. C b.A
   c. B d. Y
14. ബംഗ്ലാദേശ് ഗ്രാമീണ ബാങ്കിന്റെ സ്ഥാപകൻ
   a. അമർത്യാ സെൻ b. മുഹമ്മദ് യൂനുസ്
   c. മൻമോഹൻസിംഗ് d. ഇവരാരുമല്ല
15. ഹരിത കേരളമിഷന്റെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നതേത് ?
   a. ശുചിത്വം, മാലിന്യപരിപാലനം b. ജലസുരക്ഷ
   c. വനവൽക്കരണം d. എ യും ബി യും ശരിയാണ്
16. കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കുമിടയിലുള്ള ധനവിതരണത്തിനുള്ള നിർദ്ദേശങ്ങൾ നൽകുന്നത് :
   a. പ്രധാനമന്ത്രി b. കേന്ദ്ര ധനകാര്യകമ്മീഷൻ
   c. ധനകാര്യമന്ത്രാലയം d. റിസർവ്വ് ബാങ്ക്
17. ഗിനിഗുണാങ്കം (Gini Coefficient) എന്തിനാണ് ഉപയോഗിക്കുന്നത്?
   a. അസമത്വം അളക്കാൻ b. ദാരിദ്ര്യം അളക്കാൻ
   c. മാനവവികസനം കണക്കാക്കാൻ d. ഇതൊന്നുമല്ല
18. സഹബന്ധഗുണാങ്കത്തിന്റെ (Correlation Coefficient)മൂല്യം 0 ആയിരിക്കുമ്പോൾ സഹബന്ധത്തിന്റെ സ്വഭാവം
   a. പെർഫക്റ്റ് പോസിറ്റീവ് കോറിലേഷൻ b. പെർഫക്റ്റ് നെഗറ്റീവ് കോറിലേഷൻ
   c. കോറിലേഷൻ ഇല്ല d. ഇവയൊന്നുമല്ല
19. കുടുംബശ്രീമിഷന്റെ പ്രാഥമിക ലക്ഷ്യം?
   a. ദാരിദ്ര്യ നിർമ്മാർജ്ജനം b. ആരോഗ്യ സേവനത്തിന്
   c. വിദ്യാഭ്യാസ സഹായത്തിന് d. സംരഭകത്വ വികസനം
20. കെയ്ൻസിന്റെ മന:ശാസ്ത്രപരമായ ഉപഭോഗനിയമം (Psychological Law of Consumption) എന്താണ് പറയുന്നത്?
   a. വരുമാനം ഉപഭോഗത്തെ ബാധിക്കുന്നില്ല.
   b. വരുമാനത്തിൽ വർദ്ധനയുണ്ടാവുമ്പോൾ വരുമാന വർദ്ധനവിനെക്കാൾ കുറഞ്ഞ നിരക്കിൽ ഉപഭോഗം വർദ്ധിക്കുന്നു.
   c. വരുമാനത്തിനൊപ്പം സ്ഥിരമായ നിരക്കിൽ ഉപഭോഗം വർദ്ധിക്കുന്നു.
   d. വരുമാനത്തിനനുസരിച്ച് ഉപഭോഗം കുറയുന്നു
21. കേരളത്തിൽ ആകെ എത്ര ഗ്രാമപഞ്ചായത്തുകൾ ഉണ്ട്?
   a. 900 b.941
   c. 842 d. 700
22. രാജ്യസഭാ അധ്യക്ഷത ആർക്കാണ്:
   a. പ്രസിഡന്റ് b. വൈസ് പ്രസിഡന്റ്
   c. പ്രധാനമന്ത്രി d. ഇവരാരുമല്ല
23. എഴുപത്തിമൂന്നാം ഭരണഘടനാ ഭേദഗതി എന്തുമായി ബന്ധപ്പെട്ടിരിക്കുന്നു?
   a. ഗ്രാമഭരണം b. നഗരഭരണം
   c. ബാലവേല d. വോട്ടവകാശം
24. HDI യുടെ പൂർണ്ണരൂപം:
   a. Happiness Dimension Index b. Human Development Index
   c. Happiness Development Index d. ഇവയൊന്നുമല്ല
25. കേരളത്തിലെ തദ്ദേശസ്വയം ഭരണവകുപ്പു മന്ത്രി
   a. കെ.ടി. ജലീൽ b. എം. ബി. രാജേഷ്
   c. എം. വി. ഗോവിന്ദൻ d. ഇവരാരുമല്ല